# പ്രബോധകരുടെ പാത

**എം. എം. അക്ബർ**

''സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാകുന്നു'' (49:10) വെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. വിശ്വാസത്തിൽ നിന്ന് ഉയിർകൊള്ളുന്ന ആദർശ സാഹോദര്യത്തിന് മറ്റു ബന്ധങ്ങളെക്കാൾ അല്ലാഹുവിങ്കൽ വിലയുണ്ടെന്നതാണ് ഇസ്‌ലാമിക അധ്യാപനം. വിശ്വാസപരമായ ഐക്യത്തിൽനിന്ന് ഉടലെടുക്കുന്ന സാഹോദര്യത്തിന് ബലവും ഭദ്രതയുമുണ്ടാകും. പ്രസ്തുത സാഹോദര്യമാണല്ലോ ഇസ്‌ലാമിക ചരിത്രത്തിൽ പ്രശോഭിച്ചുനിൽക്കുന്ന നിരവധി നേട്ടങ്ങൾക്ക് നിമിത്തമായത്.

സത്യവിശ്വാസികൾ തമ്മിലുള്ള സ്നേഹവും സാഹോദര്യവുമെല്ലാം കേവലം പ്രകടനാത്മകമായ ചില കാട്ടിക്കൂട്ടലുകളല്ല. അത് മനസ്സിൻെറ അകത്തളങ്ങളിൽനിന്ന് ഉടലെടുക്കുന്നതാണ്. ഏകനായ അല്ലാഹുവിലുള്ള വിശ്വാസത്തിലൂന്നിക്കൊണ്ട് ജീവിക്കുകയും അവൻെറ മുന്നിൽ മാത്രം തലകുനിക്കുകയും അവനിൽനിന്ന് മാത്രം പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുന്ന സത്യവിശ്വാസികൾ തമ്മിലുള്ള സ്നേഹം ഈ വിശ്വാസാനുഷ്ഠാനങ്ങ ുടെ സ്വാഭാവിക പ്രതികരണമെന്ന നിലക്ക് അകത്തുനിന്ന് മുളപൊട്ടുന്നതാണ്. അല്ലാഹുവാണ് സത്യവിശ്വാസികളുടെ ഹൃദയങ്ങൾ തമ്മിൽ ഇണക്കിച്ചേർക്കുന്നതെന്നർഥം. ''അവരുടെ (വിശ്വാസികളുടെ) ഹൃദയങ്ങൾ തമ്മിൽ അവൻ ഇണക്കിച്ചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾ തമ്മിൽ ഇണക്കിച്ചേർക്കാൻ നിനക്ക് സാധിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവരെ തമ്മിൽ ഇണക്കിച്ചേർത്തിരിക്കുന്നു. തീർച്ചയായും അവൻ പ്രതാപിയും യുക്തിമാനുമാകുന്നു'' (വി.ഖു: 8:63).

സത്യവിശ്വാസികൾ തമ്മിലുള്ള ഹൃദയൈക്യം അല്ലാഹുവിൻെറ അനുഗ്രഹവും ദാനവുമാണ്. അവൻെറ മാർഗത്തിൽ നിലകൊള്ളുന്നവരിലാണ് ഈ ദാനം വർഷിച്ചുകൊണ്ടിരിക്കുക. എപ്പോൾ അവൻെറ മാർഗത്തിൽനിന്ന് വ്യതിചലിക്കപ്പെടുന്നുവോ അപ്പോൾ ഈ ദാനവും നിലയ്ക്കും. സത്യവിശ്വാസികൾ തമ്മിലുള്ള ഛിദ്രതയ്ക്കുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ദൈവിക മാർഗത്തിൽ നിന്നുള്ള വ്യതിചലനമാണെന്ന് പറയുന്നത് അതുകൊണ്ടാണ്. ഇസ്‌ലാമിക ചരിത്രത്തിലെ ശോഭനമായ നാളുകൾ നമ്മുടെ മുന്നിൽ വരച്ചുകാണിക്കുന്ന സമൂഹത്തിൻെറ ചിത്രം പ്രശോഭിതമായതിന് കാരണം അവർ ദൈവിക പ്രമാണങ്ങൾ മുറുകെ പിടിച്ചുകൊണ്ട് ജീവിച്ചതായിരുന്നുവെന്ന് കാണാനാവും. അനൈക്യത്തിൽനിന്ന് രക്ഷ നേടുവാൻ ഖുർആനും പ്രവാചകചര്യയും നിർദ്ദേശിക്കുന്ന മാർഗവും ആ പൂർവ്വസൂരികളുടെ മാർഗവും പിൻപറ്റുകയാണ് വേണ്ടത്.

''നിങ്ങളൊന്നിച്ച് അല്ലാഹുവിൻെറ പാശത്തിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവൻെറ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിൻെറ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവൻെറ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നേർമാർഗം പ്രാപിക്കുവാൻവേണ്ടി'' (വി.ഖു: 3:103).

പ്രവാചകൻ (സ) പറഞ്ഞു: 'ഞാൻ നിങ്ങളിൽ രണ്ട് കാര്യം ബാക്കിയാക്കിയിരിക്കുന്നു. അവ മുറുകെ പിടിച്ചാൽ നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിൻെറ ഗ്രന്ഥവും എൻെറ ചര്യയുമാണത്'. (ഹാക്കിം)

പ്രബോധകരെ സംബന്ധിച്ചിടത്തോളം ഏറെ ശ്രദ്ധേയമായ വചനങ്ങളാണിവ. ഇസ്‌ലാമിൻെറ പ്രചാരകരെന്ന നിലക്ക് ആ ആദർശത്തെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നവരാവണമല്ലോ പ്രബോധകന്മാർ.

അവരുടെ ജീവിതത്തിൽനിന്ന് ഖുർആനും സുന്നത്തും അന്യം നിൽക്കുമ്പോൾ സ്വാഭാവികമായും ഖുർആൻ വിവക്ഷിക്കുന്ന രീതിയിലുള്ള സ്നേഹവും സാഹോദര്യവുമെല്ലാം മനസ്സിൽനിന്ന് അപ്രത്യക്ഷമാവും. സർവ്വശക്തൻെറ ദാനമാണ് പ്രസ്തുത സാഹോദര്യമെന്ന് മനസ്സിലാക്കാതെ മനസ്സുകൾക്കകത്ത് അത് നട്ടുപിടിപ്പിക്കുവാനുള്ള ശ്രമമാണ് പലപ്പോഴും നടക്കാറുള്ളത്. പ്രസ്തുത ശ്രമങ്ങൾ പാഴായിപ്പോകുന്നതിനുള്ള കാരണവും മറ്റൊന്നല്ല. ഖുർആനിനും സുന്നത്തിനും പകരം സ്വന്തമായ ആശയങ്ങളും നിഗമനങ്ങളും സൂത്രങ്ങളുമെല്ലാം പ്രബോധനരംഗത്തേക്ക് കടന്നുവരുമ്പോൾ ഭിന്നിപ്പിൻെറയും ശത്രുതയുടെയും ആഴം വർധിക്കുമെന്ന് തീർച്ചയാണ്. പ്രസ്തുത ഭിന്നിപ്പ് പരിഹരിക്കുവാനുള്ള മാർഗം പ്രമാണങ്ങളിലേക്കു ള്ള തിരിച്ചുപോക്ക് മാത്രമാണെന്നതാണ് വാസ്തവം.

ഓരോരുത്തരും അവനവന്റെ വ്യക്തിജീവിതം പരിശോധിക്കുക. പ്രമാണങ്ങൾക്ക് വിരുദ്ധമായ ജീവിതരീതി നമ്മിലേക്ക് കടന്നുവന്നിട്ടുണ്ടെങ്കിൽ തിരുത്താൻ നാം സന്നദ്ധമാവുക. ഇസ്ലാമിക പ്രബോധനത്തിന് വൈയക്തികമായും കൂട്ടായും നാം സ്വീകരിച്ചിരിക്കുന്ന രീതി ശാസ്ത്രം പഠനവിധേയമാക്കുക. ഖുർആനും സുന്നത്തും പൂർവ്വസൂരികളും പഠിപ്പിച്ച മാർഗത്തിലല്ല നാം ഉള്ളതെങ്കിൽ മാറുവാൻ തയാറാവുക. അപ്പോൾ നമ്മൾ പോലുമറിയാതെ ഐക്യവും സ്നേഹവും സാഹോദര്യവും നമ്മുടെ ഹൃദയത്തിലേക്ക് ഊർന്നിറങ്ങും, തീർച്ച. ഖുർആൻ നൽകുന്ന വാഗ്ദാനമതാണ്. ഇസ്ലാമിക ചരിത്രം നൽകുന്ന പാഠവും അതുതന്നെ. സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ (ആമീൻ).